**3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ**
**2025-JST—ദൂത് പത്ത്—ദൈവത്തിനൊത്തവണ്ണമുള്ള മേയ്പ്പ്**

## ദിവസം 1

**വിഷയം 1**

Nourishing is feeding, and cherishing is nurturing with tender love and maintaining with affectionate care (John 21:15-17).

(Please illustrate that when we go to home meetings to care for newly baptized ones, we are to nourish and cherish them.)

പരിപോഷിപ്പിക്കുക എന്നാൽ പോറ്റുക എന്നതും, പരിലാളിക്കുക എന്നാൽ ആർദ്രമായ സ്നേഹത്താൽ പോഷിപ്പിക്കുകയും വാത്സല്യമുള്ള കരുതലിനാൽ പരിപാലിക്കുകയും ചെയ്യുക എന്നതാണ് (യോഹ 21:15-17).

(പുതുതായി സ്നാനപ്പെട്ടവരെ കരുതേണ്ടതിനു നാം ഭവനയോഗങ്ങൾക്കു പോകുമ്പോൾ, നാം അവരെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയും വേണം എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 2

Cherishing and nourishing the newly baptized ones is feeding the lambs (John 21:15-17).

(Please illustrate that John's Gospel shows us two things: bearing fruit and feeding the lambs.)

പുതുതായി സ്നാനപ്പെട്ടവരെ പരിലാളിക്കുന്നതും പരിപോഷിപ്പിക്കുന്നതും കുഞ്ഞാടുകൾക്ക് ഭക്ഷണം നൽകുന്നതാണ് (യോഹ 21:15-17).

(യോഹന്നാന്റെ സുവിശേഷം രണ്ടു കാര്യങ്ങൾ നമ്മെ കാണിക്കുന്നു എന്ന് ദയവായി വിശദമാക്കുക: ഫലം കായിക്കുകയും കുഞ്ഞാടുകളെ പോഷിപ്പിക്കുകയും ചെയ്യുക.)

## ദിവസം 2

**വിഷയം 3**

Nothing is as demanding as shepherding; not even to preach the gospel is as demanding (1 Pet. 5:2).

(Please illustrate that some people mistakenly think that shepherding is not a gift that every brother or sister has.)

മേയ്ക്കുന്നതുപോലെ പ്രയാസകരമായതൊന്നും ഇല്ല; സുവിശേഷം പ്രസംഗിക്കുന്നതുപോലും അത്ര പ്രയാസകരമല്ല (1 പത്രൊ 5:2).

(ഓരോ സഹോദരനോ സഹോദരിക്കോ ഉള്ള ഒരു വരമല്ല മേയ്പ്പ് എന്ന് ചില ആളുകൾ തെറ്റിദ്ധരിക്കുന്നു എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 4

The secret to contacting people is not to talk much, but to let them speak (1 Pet. 5:2-4).

( Please illustrate that we must learn to listen to others so as to understand their true needs and actual condition.)

ആളുകളുമായി ബന്ധപ്പെടുവാനുള്ള രഹസ്യം കൂടുതൽ സംസാരിക്കുന്നതിലല്ല, പിന്നെയോ അവരെ സംസാരിപ്പിക്കുന്നതാണ് (1 പത്രൊ 5:2-4).

(മറ്റുള്ളവരുടെ യഥാർഥ ആവശ്യങ്ങളും ഇപ്പോഴത്തെ അവസ്ഥയും മനസ്സിലാക്കുവാനായി നാം അവരെ ശ്രദ്ധിക്കുവാൻ പഠിക്കണം എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 3

### വിഷയം 5

We must learn to trust and rely on those under our care (1 Cor. 12:23-25).
( Please illustrate that we should show others that not only do they rely on us, but we also rely on them; what benefits does this mutual reliance produce?)

നമ്മുടെ കരുതലിലുള്ളവരിൽ നാം വിശ്വസിക്കുവാനും ആശ്രയിക്കുവാനും പഠിക്കണം (1 കൊരി 12:23-25).
(അവർ നമ്മെ ആശ്രയിക്കുന്നതുപോലെതന്നെ, നാം അവരെയും ആശ്രയിക്കുന്നു എന്നും നാം മറ്റുള്ളവരെ കാണിക്കണം എന്ന് ദയവായി വിശദമാക്കുക; ഈ പരസ്പരാശ്രയത്വം എന്ത് പ്രയോജനങ്ങളാണ് ഉളവാക്കുന്നത്?)

### വിഷയം 6

From the beginning, God never forced man; instead, God allowed man free choice (Gen. 2:16-17).
(Please illustrate that we should never let those under our care feel that we are forcing them to do anything.)

പ്രാരംഭം മുതൽ, ദൈവം മനുഷ്യനെ ഒരിക്കലും നിർബന്ധിച്ചില്ല; പകരം, സ്വതന്ത്രമായ തിരഞ്ഞെടുപ്പിന് ദൈവം മനുഷ്യനെ അനുവദിച്ചു (ഉല്പ 2:16-17).
(നമ്മുടെ കരുതലിലുള്ളവർക്ക് നാം അവരെ എന്തെങ്കിലും ചെയ്യിക്കുവാൻ നിർബന്ധിക്കുന്നു എന്ന് ഒരിക്കലും തോന്നരുത് എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 4

### വിഷയം 7

The work of proper shepherding is to gather people together (John 10:11, 1 Pet. 2:25).
(Please illustrate that the Lord, the good Shepherd, made both Jewish and gentile believers into one flock to be shepherded by Him, the one Shepherd.)

ശരിയായ മേയ്പ്പിൻ വേല ആളുകളെ ഒരുമിച്ചുകൂട്ടുവാനുള്ളതാണ് (യോഹ 10:11, 1 പത്രൊ 2:25).
(നല്ല ഇടയനായ കർത്താവ് യഹൂദന്മാരും ജാതികളുമായ വിശ്വാസികളെ അവൻ, ഏക ഇടയനാൽ മേയ്ക്കപ്പെടുവാനുള്ള ഏക ആട്ടിൻകൂട്ടമാക്കി എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 8

Christ as the Shepherd of our souls oversees the condition of our souls (John 10:11, 1 Pet. 2:25).
(Please illustrate that we need Christ to perfect our minds, adjust our emotions, and correct our wills.)

നമ്മുടെ ദേഹികളുടെ ഇടയൻ എന്ന നിലയിൽ ക്രിസ്തു നമ്മുടെ ദേഹികളുടെ അവസ്ഥയുടെ മേൽനോട്ടം വഹിക്കുന്നു (യോഹ 10:11, 1 പത്രൊ 2:25).

(നമ്മുടെ മനസ്സിനെ തികഞ്ഞതാക്കുവാനും, നമ്മുടെ വികാരങ്ങളെ ക്രമീകരിക്കുവാനും, നമ്മുടെ ഇച്ഛകളെ തിരുത്തുവാനും നമുക്ക് ക്രിസ്തുവിനെ ആവശ്യമുണ്ട് എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 5

### വിഷയം 9

A gospel conference may have many people, but eventually not many are added to the church (Heb. 13:20-21).
(Please illustrate that to save people effectively, the way must be through vital groups; in these, everyone must be a shepherd.)

ഒരു സുവിശേഷ സമ്മേളനത്തിൽ അനേകം ആളുകൾ ഉണ്ടാകാം, എന്നാൽ ആത്യന്തികമായി അധികംപേർ സഭയിലേക്ക് ചേർക്കപ്പെടുന്നില്ല (എബ്രാ 13:20-21).
(ആളുകളെ സഫലതയോടെ രക്ഷിക്കുവാനുള്ള മാർഗം, ജീവസുറ്റ കൂട്ടങ്ങൾ ആയിരിക്കണം; ഇതിൽ, ഓരോരുത്തരും ഒരു ഇടയൻ ആയിരിക്കണം എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 10

We should learn to feed people, shepherd people, and make people into one flock (John 10:16).
(Please illustrate that in John 10 and 21, the Lord uses three terms concerning shepherding: “feed the sheep,” “shepherd,” and “become one flock.”)

ആളുകളെ പോഷിപ്പിക്കുവാനും, ആളുകളെ മേയ്ക്കുവാനും, ആളുകളെ ഏക ആട്ടിൻകൂട്ടമാക്കുവാനും നാം പഠിക്കണം (യോഹ 10:16).
(യോഹന്നാൻ 10-ലും 21-ലും കർത്താവ് മേയ്ക്കുന്നതിനെ സംബന്ധിച്ച് മൂന്നു അഭിധാനങ്ങൾ ഉപയോഗിക്കുന്നു: "ആടുകളെ പോഷിപ്പിക്കുക," "മേയ്ക്കുക," ഒപ്പം "ഏക ആട്ടിൻകൂട്ടമായിത്തീരുക.")

## ദിവസം 6

### വിഷയം 11

Shepherd the flock of God according to God (1 Pet. 5:2).
(Please illustrate that what it means to shepherd according to God.)

ദൈവത്തിനൊത്തവണ്ണം ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുക (1 പത്രൊ 5:2).
(ദൈവത്തിനൊത്തവണ്ണം മേയ്ക്കുക എന്നാൽ എന്താണ് അർഥമാക്കുന്നത് എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 12

We may say we have seen the Body, yet have no reality (1 Pet. 5:2, 2 Pet. 1:4).
( Please illustrate that if we truly see the Body, we will care for the weaker ones.)

നാം ശരീരത്തെ കണ്ടിരിക്കുന്നു എന്ന് പറയുവാൻ നമുക്ക് കഴിയും, എന്നിട്ടും യാഥാർഥ്യം ഇല്ലാതെയാകാം (1 പത്രൊ 5:2, 2 പത്രൊ 1:4).
(നാം ശരീരത്തെ യഥാർഥമായി കാണുന്നുവെങ്കിൽ, ബലഹീനരായവരെ നാം കരുതും എന്ന് ദയവായി വിശദമാക്കുക.)